## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2174 11/03/2020-ൽ മറുപടിക്ക്

## ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം

| | ചോദ്യം<br><br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കാൻ അതത് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164 പ്രകാരവും ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് 1885 ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും വിതരണ ലൈസൻസി എന്ന നിലയിൽ KSEBL ന് ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ മറ്റു വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പുതുതായി ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ സ്ഥലപരിശോധന നടത്തി സാങ്കേതികമായി അനുയോജ്യമായ സ്ഥലങ്ങളിൽ, യാത്രക്കാർക്കോ പരിസര വാസികൾക്കോ അസൗകര്യം ഇല്ലാത്തവിധത്തിൽ നിലവിലുള്ള റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്നു മാത്രമാണ് സ്ഥാപിച്ചു വരുന്നത്. |
| (ബി) | നിലവിൽ പൊതുമരാമത്ത് റോഡിലോ ഗ്രാമീണ റോഡിലോ ഉള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; ഇതിനായി കെ എസ്.ഇ.ബി എത്ര തുകയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | നിലവിൽ പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ, (ഏതെങ്കിലും അനുമതികൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാ ക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.<br><br>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ വേണ്ടി വരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധ കാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാനമായും, ആവശ്യമായി |
| (സി) | പൊതു മരാമത്ത്/ഗ്രാമീണ റോഡുകളുടെ വികസനത്തിന് തടസ്സം നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അതതു വകുപ്പുകൾ ബോർഡിന് തുക അടക്കേണ്ട ആവശ്യമുണ്ടോ; ഇതിന് ഏകീകൃത നിരക്കുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | | |

| | | | |
|---|---|---|---|
| | | | വരുന്ന പോസ്റ്റിന്റെ (PSC/A pole) വലിപ്പത്തിനനുസരിച്ചും, അധിക സാധന സാമഗ്രികളുടെയും, പ്രവൃത്തികളുടെ പണി ക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേ ശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. പോസ്റ്റു കൾ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്ക് കൂടാതെ മാറ്റി സ്ഥാപിക്കേണ്ടുന്ന മറ്റു സാധനസാമഗ്രികളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജ്ജും മാറ്റി സ്ഥാപിക്കുവാൻ അംഗീകരിച്ചിട്ടുള്ള പണിക്കൂലിയും transportation ചാർജ്ജും ആയതിന്റെ 10 % മേൽനോട്ടക്കൂലിയും കൂടാതെ 18% GST യും 1% flood cess-ും ഈടാക്കുന്നതാണ്. ഇതു കൂടാതെ നിയമ പരമായ മറ്റു അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർഅതോറിറ്റി തുടങ്ങിയവ) ആവശ്യപ്പെടുന്ന തുകകൾ അടയ്ക്കേണ്ടുന്നതുമാണ്. |
| (ഡി) | ഇതിനുള്ള നടപടിക്രമങ്ങളിൽ വളരെ കാലതാമസം നേരിടുന്നത് ശ്രദ്ധയി ൽപ്പെട്ടിട്ടുണ്ടോ; നടപടി ക്രമങ്ങൾ എത്രയും വേഗത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകുമോ; വിശദമാക്കാമോ? | (ഡി) | ബന്ധപ്പെട്ട വകുപ്പുകൾ തുക അടയ്ക്കുന്നതിന് വരുത്തുന്ന കാലതാമസം മൂലവും ചില സന്ദർഭങ്ങളിൽ മാറ്റി സ്ഥാപിക്കാൻ ആവശ്യമായി വരുന്ന സാധനസാമഗ്രികളുടെ പെട്ടെന്നുള്ള ലഭ്യതക്കുറവ് മൂലവും ചില സ്ഥലങ്ങളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപി ക്കുന്ന പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കാനായി, സാധന സാമഗ്രികൾ താമസംവിനാ ലഭ്യമാക്കികൊണ്ട്, ബന്ധപ്പെട്ട വകുപ്പുകൾ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ അപേക്ഷ നൽകി ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാ ക്രമം അനുസരിച്ച് പ്രവൃത്തികൾ പൂർത്തീക രിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ